ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം - തിരുവനന്തപുരം - മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് - ഇലക്ട്രിക്കൽ വിഭാഗം ട്രേഡ്സ്മാൻ - ശ്രീ. ഷിനു.ഇ.എൻ - ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM)-1473/2024** കേസിൽ **12/11/2024** ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം.DTETVM/2651/2025-EB3 (EB)** **തിരുവനന്തപുരം, തീയതി : 18-04-2025**

---

വായന :-

1. **14.03.2025** തീയതിയിലെ സ. ഉ. (സാധാ ) നം. **335/2025/HEDN** നം. സർക്കാർ ഉത്തരവ്

2. **12.10.2012** തിയതിയിലെ സ.ഉ.(അച്ചടി) **503/2012**/ഉവിവ.

3. **10/01/2019** ലെ നം. ഇബി**3/29231/17/DTE** സർക്കുലർ.

4. **04.12.2021**-ലെ ഇജി**3/3370/20**/ഡിടിഇ സർക്കുലർ.

5. **12/11/24** തീയതിയിലെ **OA(EKM)-1473/2024** നം. കേസിലെ അന്തിമ വിധിന്യായം.

6. **03/06/2019** ലെ നം. ഇബി**3/29231/17/DTE** നം. സർക്കുലർ.

7. **21.02.2025** തിയതിയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നം.ഡിടിഇടിവിഎം/**488/ 2025** - ഇജി**3** (ഇജി) കത്ത്.

**ഉത്തരവ്**

മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇലക്ട്രിക്കൽ വിഭാഗം ട്രേഡ്സ്മാൻ, ശ്രീ ഷിനു.ഇ.എൻ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA(EKM)-1473/2024** കേസിൽ പരാമർശം

(5) പ്രകാരം ബഹു ട്രിബ്യൂണൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

**' The applicant will be free to adduce evidence before the Government to show that he had made all efforts to raise his objections in due time before the appropriate authority, after the issuance of Annexure A9 order. A decision shall be taken by the first respondent within a period of three months from the date of receipt of a copy of this order, after affording an opportunity of hearing to the applicant '.**

2) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ, അപേക്ഷകനെയും, ഈ കാര്യാലയം ഉദ്യോഗസ്ഥരേയും നേരിൽ കേൾക്കുകയും ഇതിന്മേൽ പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

3) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ ലഭിക്കുന്നതിന് വിശേഷാൽ ചട്ടം പരാമർശം (2) പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

**(i) By transfer from Non Technical Attender/Class IV employees of the Technical Education Department having not less that two years regular service in the Department.**

മേൽ പരാമർശിച്ചിട്ടുള്ള വിശേഷാൽ ചട്ടം അനുസരിച്ച് ശ്രീ.ഷിനു ഇ.എൻ യോഗ്യത നേടുന്നത് 22.01.2018 തീയതിയിലാണ്.

4) ശ്രീ ഷിനു ഇ.എൻ 03.09.2018 തിയതിയിൽ ബൈട്രാൻസ്ഫർ പ്രൊമോഷന് വേണ്ടി അപേക്ഷ സമർപ്പിക്കുകയും കൂടാതെ സെക്രട്ടേറിയറ്റ് നിയമന ശിപാർശ തീയതി മുതലുള്ള സീനിയോറിറ്റി പരിഗണിക്കണമെന്നുള്ള അപേക്ഷ 04.10.2017-ലും സ്ഥാപനം മുഖാന്തിരം ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഉൾപ്പെടുത്തി ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

5) പരാമർശം (3) പ്രകാരമുള്ള **By Transfer Seniority list** ൽ ടിയാനെ ഉൾപ്പെടുത്താത്തതിൻറെ കാരണം, 5 ഒഴിവുകളുള്ളതിൽ അപേക്ഷ പ്രകാരം ടിയാൻറെ സ്ഥാനം പതിനാലാകുകയും പരാമർശം (2) വിശേഷാൽ ചട്ടപ്രകാരം സേവനമാരംഭിച്ച് 2 വർഷം പൂർത്തിയാകേണ്ടതും ടിയാൻ വകുപ്പിലെ സേവനം ആരംഭിച്ചത് മുതലുള്ള തീയതിയെ പരിഗണിക്കുകയുള്ളു എന്നും മേൽ പ്രകാരം ഈ വകുപ്പിലെ സേവനം ആരംഭിച്ചത് മുതലുള്ള തീയതി കണക്കാക്കുമ്പോൾ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പടുവാൻ ടിയാൻ അർഹനല്ലായിരുന്നു. എന്നാൽ പരാമർശം (4) സർക്കുലർ പ്രകാരം ടിയാൻറെ ആദ്യ നിയമന ശിപാർശ തീയതി പരിഗണിച്ച്

സീനിയോറിറ്റി നൽകുകയും തസ്തികമാറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

6) എന്നാൽ പരാമർശം (6) ലെ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീ മനീഷ് ചിത്തനും (നിയമന ശിപാർശ തീയതി 01.2.2010) ക്രമ നം 3 ശ്രീ അനീസ്. വി. പി-ക്കും (നിയമന ശിപാർശ തീയതി 20.3.2013) ഇടയിലായി **ക്രമ നം 2(എ)** ആയി പുതുക്കി നിശ്ചയിച്ച് ടിയാൻറെ തോട്ടടുത്ത ജൂനിയറായ ശ്രീ അനീസ്. വി പി-ക്ക് തസ്തികമാറ്റം അനുവദിച്ച 3.6.2019 തീയതി മുതൽ തസ്തികമാറ്റത്തിന്റെ പ്രാബല്യത്തീയതി പുതുക്കി നിശ്ചയിക്കാവുന്നതുമാണെന്ന് പരാമർശം (7) പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അപേക്ഷകനെയും ഈ കാര്യാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടതിൻറെയും/ഈ കാര്യാലയം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൻറെയും അടിസ്ഥാനത്തിൽ ശ്രീ.ഷിനു ഇ.എൻ-ന് 03.6.2019-ലെ ട്രേഡ്സ്മാൻ (ഇലക്ട്ിക്കൽ) തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീ. മനീഷ് ചിത്തനും (നിയമന ശിപാർശ തിയതി 1.02.2010) ക്രമ നം.3. ശ്രീ. അനിസ്. വി.പിക്കും (നിയമന ശിപാർശ തീയതി 20.03.2013) ഇടയിലായി ക്രമ നം.2(എ) ആയി പുതുക്കി നിശ്ചയിച്ച്, ടിയാൻ്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ. അനീസ്, വി. പി ക്ക് തസ്തികമാറ്റം അനുവദിച്ച 03.06.2019 തീയതി മുതൽ തസ്തികമാറ്റത്തിൻറെ പ്രാബല്യ തീയതി പുതുക്കി നിശ്ചയിച്ച് ശ്രീ.ഷിനു ഇ.എൻ-ന് അർഹമായ പ്രമോഷൻ നൽകുവാൻ പരാമർശം (1) പ്രകാരം ഈ കാര്യാലയത്തോട് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നു.

8) മേൽ സർക്കാർ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ പരാമർശം (6) ലെ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീ. മനീഷ് ചിത്തനും (നിയമന ശിപാർശ തിയതി 1.02.2010) ക്രമ നം.3. ശ്രീ. അനിസ്. വി.പിക്കും (നിയമന ശിപാർശ തീയതി 20.03.2013) ഇടയിലായി **ക്രമ നം.2 (എ)** ആയി പുതുക്കി നിശ്ചയിച്ച്, ശ്രീ.ഷിനു ഇ.എൻ - ൻറെ തൊട്ടടുത്ത ജൂനിയറായ ശ്രീ. അനീസ്, വി. പി-ക്ക് തസ്തികമാറ്റം അനുവദിച്ച **03.06.2019** തീയതി മുതൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിൻറെ പ്രാബല്യത്തീയതിയും പുതുക്കി നിശ്ചയിച്ച് നൽകിക്കൊണ്ടും പരാമർശം (5) ലെ അന്തിമ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (6) ലെ സർക്കുലർ നിലനിൽക്കുന്നതാണ്.

പ്രസ്തുത പുതുക്കിയ പ്രാബല്യത്തീയതിയുടെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലെ സീനിയോറിറ്റിയും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തികമാറ്റവും അനുവദിച്ച് തുടർ

ഉത്തരവുകൾ ബന്ധപ്പെട്ട സെക്ഷനുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

**SHALIJ P R**
**DIRECTOR**

Signed by
Shalij P R
Date: 18-04-2025 21:54:06

സ്വീകർത്താവ്,

1. ശ്രീ ഷിനു ഇ എൻ, മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് , തൃശ്ശൂർ (പ്രിൻസിപ്പാൾ മുഖാന്തിരം).
2. പ്രിൻസിപ്പാൾ, മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി